കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/
എം.പി.എം15/2514/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/12/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ തീയ്യതി: 17/12/2024
എം.പി.എം15/2514/2024

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-12-2023 മുതൽ 21-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	22-11-2024	28-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-11-2024	28-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മുഹമ്മദ് ഫാറൂഖ് കെ.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ് പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനീത് ബാബു.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷംസിയ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിം. എൻ.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സുഹറാബി എൻ. എം	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. ഉണ്ണി. കെ.	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സന്തോഷ്. പി.കെ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ഡോ.ജിജി ജോൺ. പി.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	05-08-2023
ഡോ. അൽസ മറിയം	മെഡിക്കൽ ഓഫീസർ (ആയുർവേദം)	06-08-2023	15-08-2023
ഡോ. അനിത വർഗ്ഗീസ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	16-08-2023	31-12-2023
ഡോ. ഷീജ കെ.കെ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-01-2024	31-03-2024
ഡോ. അർഷദ്. കെ.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2023	30-06-2023
ഡോ. റഫീഖ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-07-2023	31-03-2024
ശ്രീ. അലി പി	ഹെഡ് മാസ്റ്റർ	01-04-2023	31-03-2024
ഡോ. ഷിജിൻ.എ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീ. നന്ദകുമാർ.പി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	11-07-2023
ശ്രിമതി. സജ്ന ഒ	അസിസ്റ്റന്റ് എഞ്ചിനീയർ	12-07-2023	31-03-2024
ശ്രീ. വിനോദ് കുമാർ. കെ.പി	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. അഭിജിത എം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി. അഞ്ജന	വി.ഇ.ഒ.	01-04-2023	31-03-2024
ശ്രീ. അബ്ദുസമദ്. വി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-1
3	വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.	1-1-2
4	Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല.	1-1-3
5	കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം	1-1-4
6	ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധന - അപാകതകൾ	1-1-5
7	B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ എ സി ആർ സൂക്ഷിക്കുന്നില്ല	1-1-6
8	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-7
9	ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.	1-1-8
10	ഡെപ്പോസിറ്റ് ചെയ്ത തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക നില	1-3
13	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമപെൻഷൻ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തര നിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ":അവലോകനം	1-11
21	രജിസ്ട്രേഷൻ ഇല്ലാതെസ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-12
22	തൊഴിൽ നികുതി പിരിവിലെ അപാകതകൾ	1-13
23	പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.	1-14
24	പാലിയേറ്റീവ് കെയർ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-15
25	ജി.എസ്.ടി-ടി.ഡി.എസ് നടത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.	1-16
26	ദുരിതാശ്വാസനിധി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	1-17
27	VEELS സോഫ്റ്റ് വെയർ അപ്ഡേഷൻ സംബന്ധിച്ച്	1-18
28	വർക്കിംഗ് ഗ്രൂപ്പ് അപാകതകൾ	1-19
29	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.	1-20
30	ഐടി ഉപകരണങ്ങൾ ലഭ്യമായില്ല.	1-21
31	കേരളോൽസവം- രേഖകൾ ലഭ്യമാക്കിയില്ല.	1-22
32	ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കിയില്ല.	1-23
33	തുല്യതാ പഠിതാക്കളുടെ ഫീസ് അടവാക്കൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്	1-24
34	ഹരിതമിത്രം ആപ്പ് പ്രവർത്തനക്ഷമമായതിന്റെ വിവരം ലഭ്യമാക്കിയില്ല.	1-25
35	ജി.എം.എൽ.പി സ്കൂൾ വെളിമുക്ക് സ്കൂളിന് വാടക നൽകൽ - IT TDS കുറവു ചെയ്തില്ല	1-26
36	സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പച്ചക്കറിത്തൈകളും കുറ്റിക്കുരുമുളക് തൈകളും വാങ്ങി വിതരണം ചെയ്തു.	1-27
37	മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകിയതിനാൽ 18310 രൂപ നഷ്ടം	1-28
38	നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		

1	മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകിയതിനാൽ 18310 രൂപ നഷ്ടം	3-1
ഭാഗം 4		
1	വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് മൂന്നിയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.5.2024 ലെ 5ാം നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 18.07.2024 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
17-12-2024

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule)ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-2 വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-3 Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ല.

1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധന - അപാകതകൾ

ഡെപ്പോസിറ്റ് രജിസ്റ്ററിൽ 9 ഇനങ്ങളിലായി ആകെ 599943 രൂപയുള്ളതായി വാർഷിക സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (വാർഷിക കണക്കിലും പ്രസ്തുത തുക രേഖപ്പെടുത്തിയിട്ടുണ്ട്)എന്നാൽ ഓരോ ഇനങ്ങളിലും വരുന്ന തുകകളുടെ വിശദാംശങ്ങൾ (തിരിച്ച് കൊടുത്തിന്റെയും മറ്റും വിവരങ്ങൾ) രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

1-1-6 B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ എ സി ആർ സൂക്ഷിക്കുന്നില്ല

B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള എതൊക്ക സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളാണ് തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു എന്നത് വ്യക്തമല്ല. ആയവയുടെ എ സി ആർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നൽകേണ്ടതാണ്. എന്നാൽ സമയബന്ധിതമായി ഡിമാന്റ് ചെയ്യുന്നില്ല.

1-1-8 ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

SBI അക്കൗണ്ട് നമ്പർ-67387351111 നമ്പർ അക്കൗണ്ടിന്റെ 31.03.2024 ലെ ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 21383479.88 രൂപയാണ് എന്നാൽ 31.03.2024 ലെ ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 21380834 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്, വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-9 ഡെപ്പോസിറ്റ് ചെയ്ത തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല

സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് വെളിമുക്കിന്റെ 2468 നമ്പർ അക്കൗണ്ടിന്റെ 31.03.2024 ലെ ബാങ്ക് റികൺസിലിയേഷൻ പത്രിക പ്രകാരം താഴെ പറയും പ്രകാരം ചെക്കുകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതു വരെ തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

ക്രമ നമ്പർ	ചെക്ക് നമ്പർ	തിയതി	തുക
1	668582	21.11.2019	7433
2	885461	28.02.2023	5000

1-2 ബജറ്റ്

2023 -24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി	പുതുക്കിയ തീരുമാന നം./തിയ്യതി
4/17-03-2023	1/21-03-2023

1-3 സാമ്പത്തിക നില

മുന്നിരിപ്പ്	127171386
വരവ്	248374025
ആകെ	375545411
ചെലവ്	220140243
നീക്കിയിരിപ്പ്	155405168

കുറിപ്പ്:- വരവ് ചെലവ് തുകകൾ കണക്കാക്കിയപ്പോൾ വാർഷിക കണക്കിലെ RP പ്രകാരമുള്ള വരവ്/ചെലവും ബി ഫണ്ട് തുകയും എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയും എ.സി.ആർ. പ്രകാരം CFC Tied/Untied ഒഴികെയുള്ള വരവ്/ചെലവ് തുകകളുമാണ് കണക്കിലെടുത്തത്.

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	42935800	42935800	31418149	11517651
വികസനഫണ്ട് എസ്.സി.പി.	0	6766614	6766614	4485000	2281614
വികസനഫണ്ട് ടി.എസ്.പി	0	0	0	0	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Untied)	0	7429000	7429000	5962801	1466199
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	0	5571500	5571500	3095529	2475971
സംരക്ഷണഗ്രാന്റ് – റോഡ്	0	11889850	11889850	6401912	5487938
സംരക്ഷണഗ്രാന്റ് – നോൺറോഡ്	0	5180000	5180000	5146408	33592
ബി ഫണ്ട്	0	69468600	69468600	69468600	0

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
284	195020153	115	75510928	0	169	40.49%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	937385	1074288	2011673	2011673	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	17844044	17844044	17844044	0

1-7 ക്ഷേമപെൻഷൻ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	2112000	182
വിധവാപെൻഷൻ	20815900	1862
വാർദ്ധക്യകാലപെൻഷൻ	37712600	3500
വികലാംഗപെൻഷൻ	7875700	705
വിവാഹ ധനസഹായം	90000	3
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	862400	79

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2024 ന് 11.24 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6399/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. താൽക്കാലിക കെട്ടിടത്തിലെ സ്ഥല പരിമിതി
2. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ മോണിറ്റർ ചെയ്യുന്നില്ല.
3. മുന്നിയൂർ ഗ്രാമ പഞ്ചായത്തിനു കീഴിലുള്ള പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ 2024 ഫെബ്രുവരി മാസം വരെ 1411710 രൂപ അടവാക്കാനാവശ്യപ്പെട്ട് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം കത്ത് നൽകിയിട്ടുണ്ട്. പൊതു ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കുറവ് വന്നതായി ബോധ്യപ്പെട്ടതിനാൽ ആയത് പ്രകാരം ബിൽ തുക ക്രമീകരിച്ചിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	16.11.2022	06/2022 മുതൽ 10/2022 വരെ	16.11.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.07.2019 മുതൽ 15.07.2019 വരെ	1997-1998 മുതൽ 2005-2006 വരെ	05.10.2019

1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ " എന്ന വിഷയത്തിൽ മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നടത്തിയ അവലോകനം.

1)അടിസ്ഥാന വിവരങ്ങൾ

1)പഞ്ചായത്തിലെ ആകെ ജനസംഖ്യ		55834
2)ആകെ വാർഡുകളുടെ എണ്ണം		23
വാർഡ് നമ്പർ	3)ഓരോ വാർഡിലേയും ആൾതാമസമുള്ള വീടുകളുടെ എണ്ണം	4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം
1	699	20
2	673	31
3	618	36
4	770	26
5	648	71
6	522	28
7	632	18
8	534	18
9	601	36
10	501	19
11	507	13
12	516	16
13	643	22
14	631	26
15	724	36

16	602	21
17	537	8
18	524	13
19	512	10
20	614	18
21	601	16
22	612	38
23	707	34
ആകെ	13928	574
5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം		41
6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ		ഉണ്ട്

2)മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട് . ഹരിത കർമ്മ സേനാംഗങ്ങളും, ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംവിധാനം പ്രാവർത്തികമാക്കി വരുന്നുണ്ട്. (Enrollment-100%, Subscription-34%, Service-3%). ഹരിതകർമ്മസേനാംഗങ്ങൾക്ക് തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

3)മാലിന്യ വേർത്തിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ 40 ശതമാനത്തോളം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നു. ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന മാലിന്യം MCF ൽ എത്തിച്ച് വേർതിരിച്ചു പരിപാലിക്കുന്നു. ഗ്രീൻ വോംസ് എക്കോ സൊലൂഷൻ മഞ്ചേരി എന്ന കമ്പനിയാണ് റിജക്ട് വേസ്റ്റ് നീക്കം ചെയ്യുന്നത്. ഈ കമ്പനിക്ക് തന്നെയാണ് സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നത്.

4)റീസൈക്ലിഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ലാൻഡ്ഫില്ലുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം) നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി 36 ബോധവല്കരണങ്ങൾ നടത്തി. നോട്ടീസുകൾ, മൈക്ക് അനൗൺസ്മെന്റ്, നവ മാധ്യമങ്ങൾ വഴിയുള്ള ബോധവല്കരണം, പഞ്ചായത്തിൽനിന്നുള്ള എല്ലാ സേവനങ്ങൾക്കും യൂസർ ഫീ Recipt നിർബന്ധമാക്കി, ഹരിത ഗ്രേഡിംഗ് നടത്തി വീട്ടു മുറ്റ സദസ്, കുട്ടികളുടെ ഹരിത സഭ എന്നിവ നടത്തി.

6)തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും, ക്ലീനിംഗ് സ്റ്റാഫിനും പ്രത്യക്ഷമായ തൊഴിൽ നല്കുന്നതിനും റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. പ്രതിമാസം 1066 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ശരാശരി 6500 രൂപയോളം പ്രതിമാസം വേതനയിനത്തിൽ ഓരോ ഹരിതകർമ്മസോംഗങ്ങൾക്കും ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

7)അടിസ്ഥാന സൗകര്യ വികസനം

നിലവിൽ 1 MCF ഗ്രമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആയത് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2 മിനി എംസിഎഫുകൾ പ്രവർത്തിക്കുന്നുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ല. വാടകയിനത്തിൽ 2 വാഹനങ്ങൾ ഉപയോഗിക്കുന്നു. കുടുംബശ്രീ വഴി 5 ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിവരുന്നു. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ ഓഫീസ് സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്.

8) പാരിസ്ഥിതിക ആഘാതം

മാലിന്യം അനധികൃതമായി തള്ളുന്നതുമായി ബന്ധപ്പെട്ട് 2 പരാതികളിൻമേൽ 24500/- രൂപ പിഴ ചുമത്തിയിട്ടുണ്ട്.

9)പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി കപ്പാസിറ്റി ബിൽഡിങ് ട്രെയിനിങ് നൽകിയിട്ടുണ്ട്.

10)നിയമങ്ങൾ പാലിക്കൽ

23/08/2022 ലെ 2ആം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അന്തിമ ബൈലോ അംഗീകരിച്ച് 2/11/2022ന് എ5-4036/2021 നമ്പർ കത്ത് പ്രകാരം ബഹു പഞ്ചായത്ത് ഡയറക്ടർക്ക് ബൈലോ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ബോധവല്കരണ ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. ഓൺലൈൻ മീഡിയ, നോട്ടീസുകൾ, മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

11)ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളിലേയ്ക്ക് 41 ഹരിതകർമ്മസേനാംഗങ്ങളാണുള്ളത്. എല്ലാമാസവും പഞ്ചായത്ത് തല അവലോകനയോഗം നടത്തിവരുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സമയാസമയങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പൊതു ജനങ്ങളിൽ നിന്നുള്ള നിസ്സഹകരണം മൂലം എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. ജനങ്ങളുടെ നിസ്സഹകരണം, യൂസർ ഫീ നൽകുന്നതിലെ വിമുഖത, MCF ലെ അസൗകര്യം, സ്വന്തമായി വാഹനമില്ലാത്തത്, ഓരോ വാർഡിനും രണ്ട് വീതം അംഗങ്ങളില്ലാത്തത് എന്നിവ പരിമിതികളാണ്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറിഫെസിലിറ്റി (RRF)

1)അടിസ്ഥാന വിവരങ്ങൾ

1)MCF/RRF (സ്ഥിരം /താത്കാലികം) എണ്ണം	1 MCF (വാടക) RRF ഇല്ല
2)ബെയ് ലിങ് /ഷ്രഡിങ് യുണിറ്റുകൾ ഉണ്ടോ ?	ഇല്ല
3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം	വാർഡ് 6
4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ?	ഉണ്ട്
5)അവയ്ക്ക് അടിസ്ഥാന സൗകൃങ്ങൾ ഉണ്ടോ? (ടിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ,സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ,,ശുചിമുറി തുടങ്ങിയവ	ഉണ്ട് 149 M2
6)അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ	പടിക്കൽ
7)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ?	ഉണ്ട്
8) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നണ്ടോ?	നിലവിൽ ഇല്ല

2)മാലിന്യ കൈമാറ്റ കാര്യക്ഷമത

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി MCFലേക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട് .

3)മാലിന്യ സംഭരണ ശേഷി

1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് ജൈവം /അജൈവം	1200 KG അജൈവം
കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസ്യതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ	സ്ഥല പരിമിതിയുണ്ട്.
2)ആകെ വിസ്തൃതി	149ച.മീ.
അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു.	15 ദിവസം

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം ഇനം തിരിക്കുന്നത്	Types- HM,PP, BO, CK, MILK COVER, LD, REJECT, SCRAP, GLASS WASTE,IRON, TIN, CARDBOARD Etc..
തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ	1)Fire Extinguisher 2)Mask ,Glouse, 3)Detol, Hand Wash 4)Uniforms 5)Fire Buckets

5)ശുചിത്വമാനദണ്ഡങ്ങൾ

എം.സി.എഫും പരിസരവും വൃത്തിയായി സൂക്ഷിച്ച് വരുന്നു.

6)യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്

വീടുകളിൽ നിന്നും കടകളിൽ നിന്നും 30 ദിവസത്തിന്റെ ഇടവേളയിൽ ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്യുന്നു. ഒന്നിടവിട്ട ദിവസങ്ങളിൽ മാലിന്യം ബന്ധപ്പെട്ട കമ്പനികൾക്ക് നൽകുന്നു. ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള ഗ്രീൻ വോംസ് എക്കോ സൊലൂഷൻ മഞ്ചേരി എന്ന കമ്പനിയാണ് റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യുന്നത്. സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നത് ഈ കമ്പനിക്ക് തന്നെയാണ്.

മറ്റു വിവരങ്ങൾ

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ വെളിമുക്ക് സർവീസ് സഹകരണ ബാങ്കിൽ (0020090001074)അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു.

വരവ്		ചെലവ്	
ഗ്യാപ്പ് ഫണ്ട്	ഇല്ല	ഹരിത കർമ്മസേന ശമ്പളം	351145
യൂസർഫീ	1644519	പർച്ചേഴ്സ്	-

സ്ക്രാപ്പ് വിൽപ്പന	134506	മറ്റ് ചെലവ്	
ചില്ല്			
മറ്റു വരവുകൾ			
ആകെ	1779025		351145

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

ക്രമ	പ്രോജക്ട്	ഫണ്ടിനം	അടങ്കൽ	ചെലവ്
1	297/24ഹരിത മിത്രം ആപ്പ്	ധനകാര്യകമ്മീഷൻ അവാർഡ്	206440	204900
2	108/24എം.സി.എഫിന് വാടക നൽകൽ	തനത് ഫണ്ട്	71500	65716
5	246/24 ഹരിത കർമ സേന വാഹന വാടക	പ്ലാൻ ഫണ്ട്-200000, തനത് ഫണ്ട്-150000	350000	പ്ലാൻ ഫണ്ട്-158707, തനത് ഫണ്ട്-26100
6	287/24 ഹരിത കർമ സേന UNIFORM	ധനകാര്യകമ്മീഷൻ അവാർഡ്-65000, തനത് ഫണ്ട്-120000	185000	ധനകാര്യകമ്മീഷൻ അവാർഡ്-49530, തനത് ഫണ്ട്-60330

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ 1 MCF ആണ് പ്രവർത്തിക്കുന്നത്. ആയത് വാടക കെട്ടിടത്തിലാണ്. സ്ഥല സൗകര്യ പരിമിതിയുണ്ട്. 2)എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്.
3)നിലവിൽ വാർഡ് 1 ന് 2 ഹരിതകർമ്മ സേനാഗങ്ങൾ ലഭ്യമല്ല. ആയത് പരിഹരിക്കേണ്ടതാണ്.
4)പഞ്ചായത്തിന് സ്വന്തമായി വാഹനം ലഭ്യമല്ല. ആയതിനാൽ മാലിന്യം നീക്കം ചെയ്യാൻ പരിമിതികളുണ്ട്.
5)മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങളിൽ ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

1-12 രജിസ്ട്രേഷൻ ഇല്ലാതെസ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

മൂന്നിയൂർ പഞ്ചായത്തിലെ 2023- 24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചെയ്തതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ലൈസൻസിയുടെ പേര്	ലൈസൻസ് രജിസ്റ്ററിലെ പേജ് നമ്പർ/ക്രമ നമ്പർ
1	സുരക്ഷ ഡെന്റൽ ക്ലിനിക്ക്,	ഡോ. ദീപ ഹരീഷ്	41/232
2	അക്യു ഹെൽത്ത് ലൈഫ്	സിറാജുദ്ദീൻ പി	51/289
3	അൽസഫ ഡെന്റൽ ക്ലിനിക്ക്,	ഡോ. അബൂബക്കർ കോയ കെ	52/294
4	വൈറ്റ് ഡെന്റൽ കെയർ	സ്വാതി പി	58/330
5	Dr. Zakiyya's Multi Speciality Dental Clinic	ഡോ. സക്കിയ്യ. എം കെ	64/360
6	Maverixpro Health Care	അബ്ദുൽ ബാസിത്ത് സി	73/416
7	Aster Dental Clinic	മുർഷിദ വി	81/458
8	Morning Star Homeopathic Clinic	ഡോ. പി എൻ ചന്ദ്രൻ	87/ 491

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 270 (1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വകാര്യ ആശുപത്രി സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ആയി 200 രൂപയും ചട്ടം 5 (1) പ്രകാരം രജിസ്ട്രേഷൻ പുതുക്കുന്നതിലേക്ക് 50 രൂപയും സെക്രട്ടറി ഈടാക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ടി വിവരം സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തൽ വരുത്തി രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറി നം. 2/2023-24 തീയതി: 23-11-2024 ന് ലഭിച്ച മറുപടിയിൽ ക്രമ നം 7, 8 എന്നീ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങൾക്ക് ചട്ടപ്രകാരം പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചു. പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ ചെയ്യുന്ന ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 204

പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2022-23 സാമ്പത്തിക വർഷം ക്രസന്റ് ഹയർ സെക്കന്ററി സ്കൂൾ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും 2023-24 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. വിവരം ചുവടെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	2022-23 ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഒടുക്കിയ ജീവനക്കാരുടെ എണ്ണം	2022-23 ഒന്നാം അർദ്ധ വർഷം ഒടുക്കിയ തൊഴിൽ നികുതി	റിമാർക്സ്
ക്രസന്റ് ഹയർ സെക്കന്ററി സ്കൂൾ	58	₹21320 (രസീത് നം. 1220300779/12.09.22)	2022-23 രണ്ടാം അർദ്ധ വർഷം മുതൽ 2023 -24 രണ്ടാം അർദ്ധ വർഷം വരെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കന്നുതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ വാർഡ് നം. 22 ൽ പ്രവർത്തിക്കുന്ന രണ്ട് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

I) M.I.M Islamic & Arts College

Ii) Ideal English School

കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/ വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിൽപെട്ട മേൽ 2 സ്വകാര്യ സ്കൂളുകൾ/കോളേജുകളിൽ നിന്നും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മേൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്തിലെ വാർഡ് നം . 06 ൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിലെ ഷോപ് മാനേജർ രസീത് നം. 1230303148 /13.09.2023 പ്രകാരം 2023-24 സാമ്പത്തിക വർഷം ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. ഷോപ് മാനേജർ കൂടാതെ സ്ഥിരം ജീവനക്കാരോ കരാർ ജീവനക്കാരോ മാവേലി സ്റ്റോറിൽ ജോലി ചെയ്യുന്നുണ്ടെങ്കിൽ ടി ആളുകളിൽ നിന്ന് കൂടി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിതതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 18/2023-24/27.11.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. 21/24 പി.എച്ച്.സി.യിലേക്ക് മരുന്ന് ലാബ് റീ ഏജന്റ് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 1200000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്- 1122390/-

BRN-231506520386002994l3/11.07.2023 ₹700000/-

231506520386002994 30/11.07.2023 ₹400000/-

231506520386002994 20/11.07.2023 ₹17014/-

231506520386003837 32/27.07.2023 ₹5376/-

ഈ പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

പ്രെഫോർമ ഇൻവോയ്സ്	നൽകിയ തുക, ബിൽ നമ്പർ	ഇൻവോയ്സ് നമ്പർ	തുക
PRF418/23.06.23 ₹ 700000/-	700000/- 231506520386002994 13/11.07.2023	14973/1.8.23	48384
		14971/1.8.23	133723
		16069/16.8.23	14336
		17178/25.8.23	15958
		28202/27.2.24	12839
		9035/31.5.24	10976
		11744/10.6.24	29994
		34028/3.8.24	18816

		39262/14.8.24	48153
		50217/7.10.24	6784
		ആകെ	339963
		ബാലൻസ്	360037
PRF477/30.06.23 ₹ 400000/-	400000/-231506520386002994 30/11.07.2023	16063/16.8.23	32772
		16557/19.8.23	14741
		16995/23.8.23	6842
		17375/6.9.23	1524
		18287/20.9.23	1731
		18568/23.9.23	14052
		19197/7.10.23	1781
		22578/4.12.23	20227
		21951/28.11.23	9568
		28753/4.3.24	806
		29446/7.3.24	50133
		30018/11.3.24	7707
		85/1.4.24	60480
		31918/30.7.24	13964
		40219/17.8.24	1310
		50400/9.10.24	36400
		ആകെ	274038
		ബാലൻസ്	125962
ആകെ ലഭിക്കാനുള്ളത്			485999/- (360037+125962)

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറിയ്ക്ക് (നമ്പർ 20/27.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന തുകയ്ക്കുള്ള (485999/-) മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

1-15 പാലിയേറ്റീവ് കെയർ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 23/24 പരിരക്ഷ പാലിയേറ്റീവ് കെയർ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

അടങ്കൽ - 1000000 (വികസന ഫണ്ട്)

ആകെ ചെലവ്- 829063/-

ബി.ആർ.എൻ -231506520386004611 65/14.8.2023 ₹230000/-

231506520386015166 26/25.3.2024 ₹65223/-

(ചെലവ് തുകയിൽ ബാക്കിയുള്ള തുക പരിരക്ഷ നഴ്സ് വേതനം, ഭക്ഷണം, വാഹന വാടക എന്നിവ നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്.)

07.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറിപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ മാർഗ്ഗരേഖയിലെ ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1.)മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2.) മേൽ ഉത്തരവ് ഖണ്ഡിക 2.9 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനു മുൻപും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കെലെങ്കിലും യോഗം ചേരേണ്ടതും ഓരോമാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി. ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരിക്കുന്നു. എന്നാൽ 2023-24 വർഷത്തിൽ 02.02.2024 തീയതിയിൽ മാത്രമാണ് പി.എം.സി. യോഗം ചേർന്നിട്ടുള്ളത്.

3.)ഈ പദ്ധതിയുടെ ഭാഗമായി പരിരക്ഷാ കിടപ്പുരോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മേൽ ബില്ലുകൾ പ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായിട്ടും മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രഫോർമ ഇൻവോയ്സ്	ഇൻവോയ്സ് നമ്പർ	തുക
PRF754/27.07.2023-₹ 230000/-	17474/15.9.23	47009
	18342/12.10.23	23519
	20246/3.11.23	622
	20294/4.11.23	505
	21052/18.11.23	3656
	23676/14.12.23	4570
	22638/4.12.23	7316

	23746/15.12.23	2426
	24009/19.12.23	189
	24837/11.1.24	3992
	27161/16.2.24	9862
	27420/21.2.24	3494
	28650/1.3.24	4465
	29916/11.3.24	4206
	30619/22.3.24	4693
	678/4.4.24	20164
	5867/17.5.24	3130
	8958/31.5.24	13619
	11917/11.6.24	10945
	19153/1.7.24	2402
	39689/16.8.24	1002
	47740/10.9.24	954
	47766/10.9.24	6604
	49005/20.9.24	616
	ആകെ	179960
	ബാലൻസ്	50040
PRF4721/2.03.2024-₹ 65223	ലഭ്യമായിട്ടില്ല	
	ആകെ ലഭിക്കാനുള്ളത്	115263

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും മേൽ സൂചിപ്പിച്ച മറ്റു അപാകതകൾക്ക് മറുപടിയും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 19 /23-24 തീയതി.27.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതും മറ്റു അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-16 ജി.എസ്.ടി-ടി.ഡി.എസ് നടത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. 291/24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

നിർവ്വഹണോദ്യോഗസ്ഥൻ–മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

അടങ്കൽ – 1510000/- (ഹെൽത്ത് ഗ്രാന്റ്)

ചെലവ് - 989619/-

വൗച്ചർ നം. BP-2023-24-7/28.02.2024 ₹684999/-

ഇൻവോയ്സ് നമ്പർ-VIT2324V-492/31.12.2023 ₹ 684999/-

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്യതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000 രൂപയ്ക്കു മുകളിലാണെങ്കിൽ CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി.TDS നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2%ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്.

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം Automated Clinical Chemistry Analyzer Model EM200 CS With Smple Bar Code, CPU, Monitor And Printer വാങ്ങിയിട്ടുള്ളത് Transasia Biomedical Limited, Ahammadabad എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇൻവോയ്സുകൾ പ്രകാരം നികുതി കിഴിച്ചുള്ള വില 580508.47 രൂപയാണ്. ആയതിന്റെ 2% ആയ 11610 രൂപ TDS നടത്തേണ്ടതായിരുന്നു.

ജി.എസ്.ടി. ടി.ഡി. എസ് നടത്താതെ പേയ്മെന്റ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 21/23-24 തീയതി.27.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതും, തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-17 ദുരിതാശ്വാസനിധി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ സെക്ഷൻ 3 (1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 3(2) അനുസരിച്ച് ഈ ഫണ്ടിലേക്ക് ധനസമാഹരാണർത്ഥം കലാ, കായിക, വിനോദ പരിപാടികൾ, സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 4 (1) പ്രകാരം ഈ നിധിയിൽ നിന്നും അതാത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ദുരിതാശ്വാസനിധി രൂപീകരിച്ച് അതിൽ നിന്നും ചട്ടം നിർദേശിക്കുന്ന മേഖലകളിൽ ധനസഹായം നൽകേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 4 /25.11.24 പ്രകാരം

ഓഡിറ്റ് എൻകയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ദുരിതാശ്വാസനിധി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 VEELS സോഫ്റ്റ് വെയർ അപ്ഡേഷൻ സംബന്ധിച്ച്

ധനകാര്യ (ഐ.ടി, സോഫ്റ്റ് വെയർ) വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്ന സെറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ അപ് ലോഡ് ചെയ്തതിന്റെയും ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ രേഖപ്പെടുത്തുന്നതിന്റെയും വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നമ്പർ 5/25.11.24 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-19 വർക്കിംഗ് ഗ്രൂപ്പ് അപാകതകൾ

സ.ഉ (കൈ) 84/22 തസ്വഭവ തി. 19.4.22 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. 2023-24 വർഷത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 3 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളിൽ കാര്യമായ ചർച്ചകൾ നടത്തുകയും പ്രൊജക്ടുകൾ വിലയിരുത്തുകയും ചെയ്യുന്നില്ല.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ. പട്ടികജാതി-തിയതി 12.12.23

സാമൂഹ്യനീതി-തിയതി 26.06.23

3. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നാമമാത്രമായ അംഗങ്ങളാണ് പങ്കെടുത്തിട്ടുള്ളത്.

ഉദാ. സാമൂഹ്യനീതി -തിയതി 24.06.23 (4അംഗങ്ങൾ മാത്രം പങ്കെടുത്തു)

മൃഗസംരക്ഷണം,ക്ഷീരവികസനം-(26.06.23 ന് നടന്ന യോഗത്തിൽ 3 അംഗങ്ങൾ മാത്രം പങ്കെടുത്തു.)

പൊതുമരാമത്ത് - (09.01.24 ന് 4 അംഗങ്ങൾ മാത്രം പങ്കെടുത്തു)

4.വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് ക്ലോസ് ചെയ്തിട്ടില്ല.

ബഹുഭൂരിപക്ഷം വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകളും ക്ലോസ് ചെയ്തിട്ടില്ല.

5. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 16/27.11.24 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വർക്കിംഗ് ഗ്രൂപ്പ് സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയില്ല.

ക്രമ നമ്പർ	ഇനം	തുക	വൗച്ചർ നമ്പർ/ തിയതി	അടവാക്കിയ സ്ഥാപനം
1	140/23-24 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ കെഎസ് ഇബിയിൽ തുക അടവാക്കൽ വികസന ഫണ്ട്	1000000	23150652007701084045 16.1.24	അസി. എഞ്ചീനീയർ ഇലക്ട്രിക്കൽ സെക്ഷൻ തലപ്പാറയിൽ അടവാക്കിയത്.
2	114/23-24 എസ് എസ് എ വിഹിതം നൽകൽ വികസന ഫണ്ട്	25,00,000	23150652007700716667 25.10.23	അടവാക്കിയത്. സമഗ്ര ശിക്ഷ കേരളസ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർക്ക് വിശദമായവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
3	ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രവർത്തന രഹിതമായ 27 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനും 3 പൊതുടാപ്പുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനും ചെലവഴിച്ച തുക	51,000	22300363/4.8.23	കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ മലപ്പുറത്ത് അടവാക്കിയത്.

	തനത് ഫണ്ട്			
	ആകെ	35,51,000		

ഇതു സംബന്ധിച്ച് നമ്പർ 6/25.11.24 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 35,51,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-21 ഐടി ഉപകരണങ്ങൾ ലഭ്യമായില്ല.

ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്കും എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിലേക്കും ഐടി ഉപകരണങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	പ്രൊജക്ട് നമ്പർ/പേര്	അടങ്കൽ	ചെലവ് തുക	വൗച്ചർ / ബിൽ നമ്പർ തിയതി
1	138/23-24 എംജിഎൻആർഇജിഎസിന് കമ്പ്യൂട്ടർ വാങ്ങൽ തനത് ഫണ്ട്	50,000	47,339	22300316/31.7.23
2	106/ഗ്രാമ പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ തനത് ഫണ്ട്	1,50,000	85,988	22300162/24.5.23

ക്രമനമ്പർ 1 പ്രകാരം ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി (ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/നമ്പർ, തിയതി ലഭ്യമല്ല) കെൽട്രോണിൽ 47,339 രൂപ അടവാക്കിയിട്ടുണ്ട്.

ക്രമനമ്പർ 2 പ്രകാരം TVM/ITBG/PI/RC/48533/23-24 തി. 8.5.23 പ്രകാരം 21,497 രൂപ വിലയുള്ള 4 പ്രിന്ററുകൾക്ക് കെൽട്രോണിൽ 85,998 രൂപ അടവാക്കിയിട്ടുണ്ട്.

മേൽ ഐടി ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (15/27.11.24) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 133327 (85,988+47,339) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഐടി ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-22 കേരളോൽസവം- രേഖകൾ ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ കേരളോൽസവം നടത്തിയതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ/പേര്	അടങ്കൽ	ചെലവ് തുക	വൗച്ചർ / ബിൽ നമ്പർ /തിയതി
41/23-24 കേരളോൽസവം തനത് ഫണ്ട്	1,50,000	1,47,474	22300539/9.10.23 75,000 രൂപ 22300580/312.10.23 72474 ആകെ-147474 രൂപ

മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.
1) പ്രൊജക്ട് പരിശോധനക്ക് ഹാജരാക്കിയില്ല.
മുന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 30.9.23 ലെ അജണ്ട 1 തീരുമാനം 3 പ്രകാരം കേരളോൽസവത്തിന് മുൻകൂറായി തുക ചെലവ് ചെയ്യുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം ഇനങ്ങളാണ് നടത്തുന്നതെന്നും ആയതിന് ആരെയെല്ലാം ചുമതലപ്പെടുത്തിയെന്നുമുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.2) 1,47,474 രൂപയാണ് കേരളോൽസവത്തിന് ചെലവഴിച്ചിട്ടുള്ളത്. മുഴുവൻ ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. ഹാജരാക്കിയ രേഖകൾ ക്രമരഹിതമായി സൂക്ഷിച്ചിട്ടുള്ളതും സെക്രട്ടറി Passed For Payment എന്ന് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്തതുമാണ്. വിവിധ വ്യക്തികൾ തുക കൈപ്പറ്റിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. രേഖകളോടൊപ്പം ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങളും വിവിധ പ്രോഗ്രാമുകൾ നടത്തുവാൻ വ്യക്തികളെയും തെരഞ്ഞെടുത്തതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. കേരളോൽസവം നടന്ന സ്ഥലവും തിയതിയും സംബന്ധിക്കുന്ന വിവരങ്ങളും ഫയലിൽ ഇല്ല.
3 കേരളോൽസവത്തിന്റെ നടത്തിപ്പ് സംബന്ധിച്ച മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പർ 14/27.11.24 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.മേൽ പരാമർശിച്ച മുഴുവൻ രേഖകളും ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ ചെലവ് തുക 1,47,474 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-23 ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കിയില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയുടെ കൂടെ ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്.

ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്നും മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ് ഇനത്തിൽ അടവാക്കേണ്ട തുക അടവാക്കിയതിൽ മേൽ സർക്കുലറിലെ സമയക്രമം പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈബ്രറി സെസ്സ് പിരിച്ചെടുത്ത കാലയളവ്	അടവാക്കേണ്ട തിയ്യതി	തുക	അടവാക്കിയ തിയ്യതി	വൗച്ചർ നമ്പർ/ തിയതി
2022-23 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ	31.3 2023	7,28,906	30.10.2023	22300569 /30.10.23

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല. ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയക്രമം പാലിക്കാത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 3/25.11.24 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

1-24 തുല്യതാ പഠിതാക്കളുടെ ഫീസ് അടവാക്കൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഹെഡ്മാസ്റ്റർ നിർവ്വഹിച്ച തുടർ സാക്ഷരത-തുല്യതാ ഫീസ് അടവാക്കൽ എന്ന പദ്ധതിയുടെ (151/24) ഭാഗമായി 10, +1, +2 ക്ലാസുകളിലെ തുല്യത പഠിതാക്കളുടെ ഫീസ് അടവാക്കുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്റ്റ്	**തുല്യതാ പഠിതാക്കളുടെ ഫീസ് അടവാക്കൽ**(151/24)
നിർവ്വഹണം	ഹെഡ്മാസ്റ്റർ
അടങ്കൽ	300000/- തനത് ഫണ്ട്.
ചെലവ്	297050-തനത് ഫണ്ട്.
ബിൽ/ വൗച്ചർ നമ്പർ	99450/- 22300874/24.02.24 197600/-22300875/24.02.24

പദ്ധതി പ്രകാരം പഠിതാക്കളുടെ കോഴ്സ് ഫീ ഇനത്തിൽ (10-ാം ക്ലാസ് 51 പഠിതാക്കൾ, +1 54 പഠിതാക്കൾ, +2 26 പഠിതാക്കൾ) ആകെ 2,97,050/- രൂപ കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. മുഴുവൻ പഠിതാക്കളും പരീക്ഷ എഴുതിയതിന്റെയും യോഗ്യത നേടിയതിന്റെയും വിശദാംശങ്ങൾ, ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, പഠിതാക്കൾ സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്ത രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി. 11/26.11.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 2,97,050 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-25 ഹരിതമിത്രം ആപ്പ് പ്രവർത്തനക്ഷമമായതിന്റെ വിവരം ലഭ്യമാക്കിയില്ല.

ഹരിതമിത്രം ആപ്പ് എന്ന പ്രൊജക്ടിന്റെ വിശദാംസങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ/ പേര്	297/23-24 ഹരിതമിത്രം ആപ്പ്
അടങ്കൽ	206440 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	204900 XVFC/2023-24/P/41 തി. 28.3.24 142900 രൂപ 497/27.3.24 62000
നിർവഹണ ഉദ്യോഗസ്ഥൻ	അസി. സെക്രട്ടറി

പദ്ധതി പ്രകാരം മാലിന്യസംസ്ക്കരണത്തിന് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുന്നതിന്റെ ഭാഗമായി ക്യൂ ആർ കോഡ് പ്രന്റിംഗ് ചാർജ് ഇനത്തിൽ 12,000 രൂപയും സിസ്റ്റം നടപ്പാകുന്നതിനായി സർവ്വീസ് ചാർജ് ഇനത്തിൽ 1,35,700 രൂപയും എസ് എം എസ് ചാർജ്ജ് ഇനത്തിൽ 7200 രൂപയും ലാപ്പ്ടോപ്പിന്റെ തുക 50000 രൂപയും ഉൾപ്പടെ ആകെ 204900 രൂപ കെൽട്രോൺ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഡിജിറ്റലൈസ് ചെയ്യുന്നതിന് സർക്കാർ നിർദേശ പ്രകാരം കെൽട്രോണിന്റെ സാങ്കേതിക പിന്തുണയോടെ പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സർവ്വെ നടത്തി ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം മുഖേന തയ്യാറാക്കിയിട്ടുള്ള QR കോഡുകൾ സ്ഥാപിക്കുന്നതിനും ആണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്.

മേൽ പ്രകാരം ലാപ്പ്ടോപ്പിന് 50000 രൂപ നല്കിയതല്ലാതെ ലാപ് ടോപ്പ് കിട്ടിയതിന്റെ വിവരം, സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ടാങ്ക് ഇൻവോയ്സ്, വിതരണ രേഖ, നിലവിലെ കസ്റ്റോഡിയൻ ആരാണെന്നത് സംബന്ധിച്ച വിവരം എന്നിവ ലഭ്യമല്ല. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിൽ/വീടുകളിൽ ക്യു ആർ കോഡ് സ്ഥാപിച്ചതിന്റെ/സർവീസ് ലഭ്യമായതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

കൂടാതെ സർവീസ് ചാർജ് 1,35,700 രൂപ എസ്.എം.എസ് ചാർജ് 7,200 രൂപ പ്രിന്റിംഗ് ചാർജ് ഇനത്തിൽ 12000 എന്നിവ നൽകിയിട്ടുണ്ട്. എന്നാൽ തുക കൈമാറുകയല്ലാതെ ആയത് സംബന്ധിച്ചുള്ള മറ്റു വിവരങ്ങളോ പൂർത്തീകരണ/മോണിറ്ററിംഗ് വിവരങ്ങളോ ഫയലിൽ ഇല്ല.

അപാകതകൾക്ക് മറുപടി നല്കേണ്ടതും, മേൽ സംവിധാനം നിലവിൽ വന്നത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്. ഓഡിറ്റ് എൻകയറി നമ്പർ 07/23-24 തി. 25.11.24 നു മറുപടി നൽകിയില്ല. ആയതിനാൽ ചെലവു തുക 2,04,900 രൂപ തടസ്സത്തിൽ വെക്കുന്നു. സിസ്റ്റം പ്രവർത്തനസജ്ജമായതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-26 ജി.എം.എൽ.പി സ്കൂൾ വെളിമുക്ക് സ്കൂളിന് വാടക നൽകൽ - IT TDS കുറവു ചെയ്തില്ല

പ്രൊജക്ട് നമ്പർ 154/24 ജി.എം.എൽ.പി സ്കൂൾ വെളിമുക്ക് സ്കൂളിന് വാടക

നിർവഹണോദ്യോഗസ്ഥൻ :- ഹെഡ്മാസ്റ്റർ

അടങ്കൽ - 800000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം)

ചെലവ്- 577440

ബിൽ നമ്പർ-23150652039800736692 Dtd 04.11.2023 RS 303156

23150652039800106647 8 Dtd 19.05.2023 RS 274284

ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി ദേശീയപാത അതോറിറ്റി ഭൂമി ഏറ്റെടുത്തതിന്റെ ഭാഗമായി ജി.എം.എൽ.പി സ്കൂൾ വെളിമുക്ക് പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ച് മാറ്റിയതിനാൽ താത്കാലികമായി വെളിമുക്ക് അംശം വെളിമുക്ക് ദേശത്ത് സ്ഥിതി ചെയ്യുന്ന മൻശാഉൽ ഉലൂം മദ്രസ്സ (സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ്-AP) യുടെ 22/245 കെട്ടിടവും മൻശാഉൽ ഉലൂം മദ്രസ്സ(EK) യുടെ 22/241 നമ്പർ കെട്ടിടങ്ങളിലേക്ക് മാറ്റുകയും, അസിസ്റ്റന്റ് എഞ്ചിനീയറുടെ 13.04.2023 ലെ 22/22-23/AE/LSGD/MNR Dtd 13.04.2023 കത്ത് പ്രകാരം ടി കെട്ടിടങ്ങൾക്ക് പ്രതിമാസ വാടകയായി യഥാക്രമം 12066/- രൂപയും, 14436 രൂപയും കണക്കാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റ 27.04.2023 ലെ 18/1 ഭരണസമിതി തീരുമാന പ്രകാരം 05.05.2023 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. വാടക നൽകുന്നതിന് മേൽ വൗച്ചർ പ്രകാരമുള്ള തുക താഴെ പറയും പ്രകാരം ചെലവഴിച്ചു.

	പ്രതിമാസ വാടക		IT- TDS ഇനത്തിൽ കുറവ് ചെയ്യേണ്ട തുക	
മാസം	കെട്ടിടം 22/245 (പുതുക്കിയ കരാർ തിയതി 5.05.2023 നമ്പർ രേഖപ്പെടുത്തിയിട്ടില്ല)	കെട്ടിടം 22/241 (പുതുക്കിയ കരാർ തിയതി 5.05.2023 നമ്പർ രേഖപ്പെടുത്തിയിട്ടില്ല)	22/245	22/241
നവംബർ-2021	12066	14436		
ഡിസംബർ-2021	12066	14436		
ജനുവരി-2022	12066	14436		
ഫെബ്രുവരി-2022	12066	14436		
മാർച്ച്-2022	12066	14436	6033	7218
ഏപ്രിൽ-2022	12066	14436		
മേയ്-2022	12066	14436		
ജൂൺ-2022	12066	14436		
ജൂലൈ-2022	12066	14436		
ഓഗസ്റ്റ്-2022	12066	14436		
സെപ്റ്റംബർ-2022	12066	14436		
ഒക്ടോബർ-2022	12066	14436		
നവംബർ-2022	12066	14436		
ഡിസംബർ-2022	12066	14436		
ജനുവരി-2023	12066	14436		
ഫെബ്രുവരി--2023	12066	14436		
മാർച്ച്-2023	12066	14436	14479	17323
ഏപ്രിൽ-2023	12066	14436		
മേയ്-2023	12066	14436		
ജൂൺ-2023	12066	14436		
ജൂലൈ-2023	12066	14436		
ഓഗസ്റ്റ്-2023	12066			
സെപ്റ്റംബർ-2023	8832		6916	5774
ആകെ	274284	303156	27428	30315

Income Tax Act 1961, Sec. 194 I പ്രകാരം ബിൽഡിങ്ങ് വാടകയിനത്തിൽ അനുവദിക്കുന്ന തുക ഒരു സാമ്പത്തിക വർഷത്തിൽ 2,40,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിൽ അനുവദിക്കുന്ന തുകയിൽ നിന്നും 10% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്. 22/245 നമ്പർ കെട്ടിടത്തിന് 27428 രൂപയും 22/241 നമ്പർ കെട്ടിടത്തിന് 30315/- രൂപയും കുറവ് ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നമ്പർ 12/24 തീയതി 26.11.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-27 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പച്ചക്കറിത്തൈകളും കുറ്റിക്കുരുമുളക് തൈകളും വാങ്ങി വിതരണം ചെയ്തു.

2023-24 വർഷത്തിൽ കൃഷി ഓഫീസർ നിർവഹിച്ച താഴെ കൊടുത്ത പ്രൊജക്ടുകൾ പ്രകാരം മൂന്നിയൂർ കാർഷിക കർമ്മസേനയിൽ നിന്നും പച്ചക്കറിത്തൈകളും കുറ്റികുരുമുളക് തൈകളും ടെണ്ടർ കൂടാതെ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

RS 90000 ക്രമ നമ്പർ	പ്രൊജക്ട്	ചെലവ്	കുറിപ്പ്
1	121/24, പച്ചക്കറി കൃഷി വ്യാപനം ഞങ്ങളും കൃഷിയിലേക്ക് കുടുംബശ്രീ മുഖേന പച്ചക്കറി തൈ വിതരണം വികസന ഫണ്ട് ജനറൽ 300000 ചെലവ് 300000	23150652038201206786 Dtd 12.02.2024 RS 78255	1.Invoice No 26/04.01.2024 (തക്കാളി-6468(Nos), പച്ചമുളക്-6468(Nos)-, വഴുതന-പച്ച-6468(Nos), വഴുതന-വയലറ്റ്-6468(Nos) വെണ്ട -5430 RS-**78255**)
		23150652038201206882 Dtd 13.02.2024 RS 78255	2.Invoice No 25/03.01.2024 (തക്കാളി-6468(Nos), പച്ചമുളക്-6468(Nos)-, വഴുതന-പച്ച-6468(Nos), വഴുതന-വയലറ്റ്-6468(Nos) വെണ്ട -5430 **RS-78255**)
		23150652038201213674 Dtd 14.02.2024 RS 78255	3.Invoice No 27/11.01.2024 (തക്കാളി-6468(Nos), പച്ചമുളക്-6468(Nos)-, വഴുതന-പച്ച-6468(Nos), വഴുതന-വയലറ്റ്-6468(Nos) വെണ്ട -5430 RS-**78255**)
		23150652038201226314 Dtd 15.02.2024 RS 65235	4.Invoice No 28/31.01.2024 (തക്കാളി-5500(Nos), പച്ചമുളക്-5500(Nos)-, വഴുതന-പച്ച-5500(Nos), വഴുതന-വയലറ്റ്-5500(Nos) വെണ്ട -4094 **RS-65235**
2	125/24, കുരുമുളക് കൃഷി വികസനം-കറ്റിക്കുരുമുളക് തൈ വിതരണം അടങ്കൽ വികസന ഫണ്ട് ജനറൽ 586000 BC 195500 ചെലവ് വികസന ഫണ്ട് ജനറൽ 519750 BC 173250	23150652038200967568 Dtd 21.12.2023 RS 71250	Invoice No 23/15.11.2023 കുറ്റിക്കുരുമുളക് 40cmx24cm-950 Nos **RS 95000**
		23150652038200967574 Dtd 21.12.2023 RS 71250	Invoice No 22/10.11.2023 കുറ്റിക്കുരുമുളക് 40cmx24cm-950 Nos **RS 95000**
		23150652038200967585 Dtd 21.12.2023 RS 72750	Invoice No 24/18.11.2023 കുറ്റിക്കുരുമുളക് 40cmx24cm-970 Nos **RS 97000**
		23150652038201293603 Dtd 28.02.2024 RS 67500	Invoice No 29/20.02.2024 കുറ്റിക്കുരുമുളക് 40cmx24cm-900 Nos **RS 90000**
		23150652038201312110 Dtd 03.03.2024 RS 67500	Invoice No 30/21.02.2024 കുറ്റിക്കുരുമുളക് 40cmx24cm-900 Nos **RS 90000**
		23150652038201326521 Dtd 05.03.2024 RS 90000	Invoice No 31/22.02.2024 കുറ്റിക്കുരുമുളക് 40cmx24cm-900 Nos **RS 90000**
		23150652038201398470 Dtd 18.03.2024 RS 79500	Invoice No 33/05.03.2024 കുറ്റിക്കുരുമുളക് 40cmx24cm-1060 Nos **RS 106000**
		22300726 Dtd 27.12.2023 RS 71750	Invoice No 23/15.11.2023 കുറ്റിക്കുരുമുളക് 40cmx24cm-950 Nos **RS 95000**
		22301040 Dtd 23.03.2024 RS 75000	Invoice No 29/20.02.2024 കുറ്റിക്കുരുമുളക് 40cmx24cm-900 Nos **RS 90000**
		22301041 Dtd 23.03.2024 RS 26500	Invoice No 33/05.03.2024 കുറ്റിക്കുരുമുളക് 40cmx24cm-1060 Nos **RS 106000**

2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം കൃഷി നടീൽ ഉൽപന്നങ്ങൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ, തൈകൾ എന്നിവ വാങ്ങേണ്ടത്. എന്നാൽ ഈ പ്രൊജക്ടുകൾ പ്രകാരം കാർഷിക കർമ്മസേനയിൽനിന്നും ടെണ്ടർ കൂടാതെ വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇത് മേൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. മലപ്പുറം ജില്ലാതല യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിച്ചു കൊണ്ടുള്ള 13.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ ജില്ലാ ആസൂത്രണ സമിതി മീറ്റിംഗ് മിനുട്ട് പ്രകാരം കുറ്റികുരുമുളകിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതായി കാണുന്നില്ല. 2021-22 വർഷത്തിൽ 2 മാസം പ്രായമായ കുറ്റികുരുമുളകിന് 100 രൂപയും 6 മാസം പ്രായമായതിന് 250 രൂപയും ആണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിരുന്നത്. ടെണ്ടർ കൂടാതെ വാങ്ങൽ നടത്തിയതിനാൽ നിലവിലെ മാർക്കറ്റ് വിലയിൽ അധികരിച്ചാണോ വാങ്ങൽ നടത്തിയത് എന്ന് വ്യക്തമല്ല. അതുപോലെ ബില്ലിൽ എത്ര മാസം പ്രായമായതാണെന്നു വ്യക്തമാക്കിയിട്ടില്ല. കൂടാതെ വിതരണം ചെയ്ത കുറ്റിക്കുരുമുളക് തൈകളുടെ പ്രായം എത്രയാണെന്നതിൽ വ്യക്തത വരുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻകയറി നം.24/28.12.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-28 മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകിയതിനാൽ 18310 രൂപ നഷ്ടം

2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അസി.എൻജിനിയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ സൈറ്റുകൾ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 27.11.24 ന് നേരിട്ട് പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിച്ച ചില കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോം വർക്ക് ചെയ്തിട്ടില്ല എന്നും ചില പ്രവൃത്തികളിൽ അധിക നിരക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമായി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആയതിനാൽ പ്രസ്തുത പ്രവൃത്തികളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഒഴിവാക്കിയിട്ടുള്ള നിരക്കാണ് അനുവദിനീയമായത് [@ 8036.83/M3 _Cost Index 136.44%]. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഫോം വർക്ക് കൂടി ഉൾപ്പെടുന്ന കോൺക്രീറ്റിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത് [Mord 75.8.1. @ 8358.30/M3 _Cost Index 136.44%]. തെറ്റായ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കുന്നത്ത് പറമ്പ് - എറളായിക്കുണ്ട് റോഡ് (168 /24)

അടങ്കൽ/ ചെലവ്	400000/-399406 (Development Fund)	
ടി എസ്	TSNo. LSGD/CELSGD/EST TS/ 47492/2022 51 1 Dated 02.02.23 (Cost Index 136.44% DsoR 2018)	
കരാർ	66/2022-23/AE/ MNR/13.3.2023	
എം.ബുക്ക്	E Mbook	
BRN	231506520383001589 19/03.06.23 തുക-	
കരാറുകാരൻ	ശ്രീ. ഫൈസൽ , പി.കെ	
അധിക ചെലവിന്റെ വിവരം		
നൽകിയ തുക	നൽകാവുന്ന തുക	അധികം
350402.56/- [(34.125 M3 *8358.30) = 285226.98 + 1.403x 8356.63) (Extra Item(0.02% Below Of 8358.30) =**11724.35** (Extra Item) 296951.33 + (18% GST)]	**336925.55/-** [34.125 M3 *8036.83 = 274256.82 + 1.403m3*8035.15) (0.02% Below Of 8036.83-) = 11273.31 285530.13 +(18% GST)]	13477/-

2. പാറേക്കാവ്- ആലൂർ റോഡ് കോൺക്രീറ്റ് (55/24)

അടങ്കൽ/ ചെലവ്	181000/137444 **(CFC Fund)** Tender Variation 23.9% Below)
ടി എസ്	TS/Lsgd/Celsgd/EST/TS44797/2023/5 1 1 /30.05.23 Cost Index 136.44% DsoR 2018)
കരാർ	04/2023-24/AE/ MNR/08.11.23
എം.ബുക്ക്	EMbook
B Ill No.	XVFC/2023-24/P/25 Dated 10.01.2024

കരാറുകാരൻ	ശ്രി.ഫൈസൽ . പി.കെ	
അധിക ചെലവിന്റെ വിവരം		
നൽകിയ തുക	നൽകാവുന്ന തുക	അധികം
125644/- [(16.740 M3 *6360.6663) (23.9% Below Of 8358.30) + (18% GST)]	**120811/-** [(16.740 M3 *6116.02 (23.9% Below Of 8036.83) = 102382.17 + (18% GST)]	4833/-

ആകെ നഷ്ടം 18310 രൂപ

മേൽ പറഞ്ഞ പട്ടിക പ്രകാരം ആകെ 18310 രൂപ പൊതു ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 22/27.11.2024) മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പറഞ്ഞ വിധം അധിക നിരക്ക് നൽകിയതിനാൽ പൊതുഫണ്ടിന് നഷ്ടം വന്ന 18310 രൂപ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-29 നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ആയത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രവൃത്തി	സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്	പൂർത്തീകരണ കാലാവധി	പൂർത്തീകരിച്ചത്	ഈടാക്കേണ്ട പിഴ	ഓഡിറ്റ് എൻകൃയറി നമ്പർ
1	ഫണ്ട് : ധനകാര്യക്കമ്മീഷൻ ഗ്രാന്റ് അടങ്കൽ തുക : ₹ 620000 ശാന്തി നഗർ -കളത്തിങ്ങൽപാറ ഡ്രൈനേജ് നിർമാണം പ്രോജക്റ്റ് നമ്പർ : 188/24 കരാറുകാരൻ : ശ്രീ അബ്ദുൽ അസീസ് .ഇ.കെ കരാർ : 27/22-23 AE/MNR/Dated TS No-LSGD/CELSGD/EST_TS/52139/2022_5_1_1 Duration : 9month (As Per TS Slip) ബിൽ നമ്പർ : XVFC 23-24/P/28/29.02.24 ചെലവ് തുക : ₹ 517901 PAC : ₹ 524576.29/- 17.11.2022 Dated: 22.02.2023	17.11.2022	9 മാസം 16. 08.2023	15.02.2024	17.08.2023 മുതൽ 16.11 /2023 വരെ 1% Of PAC = 5246/- 17.11.2023 മുതൽ 15.02.2024 വരെ 91ദിവസത്തിന് PAC യുടെ 2% നിരക്കിൽ തുക 10492/- ആകെ പിഴ തുക **15738/-**	

മേൽ പ്രവൃത്തിയിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 25/28.11.2024 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. ആയതിനാൽ പിഴയിനത്തിൽ മേൽപറഞ്ഞ തുക ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകിയതിനാൽ 18310 രൂപ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിച്ച ചില പ്രവൃത്തികളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഒഴിവാക്കിയിട്ടുള്ള നിരക്കാണ് അനുവദനീയമായത് [@ 8036.83/M3 _Cost Index 136.44%]. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഫോം വർക്ക് കൂടി ഉൾപ്പെടുന്ന കോൺക്രീറ്റിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത് [Mord 75.8.1. @ 8358.30/M3 _Cost Index 136.44%]. തെറ്റായ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

1. **കുന്നത്ത് പറമ്പ് - എറളായിക്കുണ്ട് റോഡ് (168 /24)**

അടങ്കൽ/ ചെലവ്	400000/-399406 (Development Fund)	
ടി എസ്	TSNo. LSGD/CELSGD/EST TS/ 47492/2022 51 1 Dated 02.02.23 (Cost Index 136.44% DsoR 2018)	
കരാർ	66/2022-23/AE/ MNR/13.3.2023	
എം.ബുക്ക്	E Mbook	
BRN	23150652038300158919/03.06.23 തുക-	
കരാറുകാരൻ	ശ്രീ. ഫൈസൽ , പി.കെ	
അധിക ചെലവിന്റെ വിവരം		
നൽകിയ തുക	നൽകാവുന്ന തുക	അധികം
350402.56/- [(34.125 M3 *8358.30) = 285226.98 + 1.403x 8356.63) (Extra Item(0.02% Below Of 8358.30) =**11724.35** (Extra Item) 296951.33 + (18% GST)]	**336925.55/-** [34.125 M3 *8036.83 = 274256.82 + 1.403m3*8035.15) (0.02% Below Of 8036.83-) = 11273.31 285530.13 +(18% GST)]	13477/-

3. **പാറേക്കാവ്- ആലൂർ റോഡ് കോൺക്രീറ്റ്** (55/24)

അടങ്കൽ/ ചെലവ്	181000/137444 **(CFC Fund)** Tender Variation 23.9% Below)	
ടി എസ്	TS/Lsgd/Celsgd/EST/TS44797/2023/5 1 1 /30.05.23 Cost Index 136.44% DsoR 2018)	
കരാർ	04/2023-24/AE/ MNR/08.11.23 (	
എം.ബുക്ക്	EMbook	
B Ill No.	XVFC/2023-24/P/25 Dated 10/01/2024	
കരാറുകാരൻ	ശ്രി.ഫൈസൽ . പി.കെ	
അധിക ചെലവിന്റെ വിവരം		
നൽകിയ തുക	നൽകാവുന്ന തുക	അധികം
125644/- [(16.740 M3 *6360.6663) (23.9% Below Of 8358.30) + (18% GST)]	**120811/-** [(16.740 M3 *6116.02 (23.9% Below Of 8036.83) = 102382.17 + (18% GST)]	4833/-

ആകെ നഷ്ടം 18310 രൂപ

മേൽ പറഞ്ഞ പട്ടിക പ്രകാരം ആകെ 18310 രൂപ പൊതു ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ22/27.11.2024) മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പറഞ്ഞ വിധം അധിക നിരക്ക് നൽകിയതിനാൽ പൊതുഫണ്ടിന് നഷ്ടം വന്ന 18310 രൂപ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24	2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്.നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	970000	06/24- ലൈഫ് ഭവന പദ്ധതി ജനറൽ	970000	0
	840000	03/24 -ലൈഫ് ഭവന പദ്ധതി എസ്.സി	840000	0
	776303	115/24- സമഗ്ര നെൽ കൃഷി വികസനം	776303	0
	1400000	12/24- ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്	1400000	0
	28740	205/24 -പരിരക്ഷ പാലിയേറ്റീവ് പരിചരണം	28740	0
	249651	01/24 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	249651	0
ജില്ലാ പഞ്ചായത്ത്	470000	12/24- ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്	470000	0
	455000	155/24 – എസ് സി വിദ്യാത്ഥികൾക്ക് സ്കോളർഷിപ്പ്	455000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം./ ബിൽ/ചെക്ക് നം.	മുൻകൂർ നല്കിയ തുക	ചെല വഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
K.S.E.B	1) 140/24 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	ബി.ആർ.എൻ: 23150652007701084045 തീയതി: 16.1.24	1000000	0	പൂർത്തീകരിച്ചിട്ടില്ല/ UC ലഭ്യമായിട്ടില്ല.	1000000
	2) 224/24 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	178/14.12.23	1000000	1000000	പൂർത്തീകരിച്ചു	0
K.S.E.B	76/24- വിവിധ വാർഡുകളിൽ ഇലക്ട്രിക പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	40/11.7.23 ₹4078 126/1.11.23 ₹57357 202/23.12.23 ₹39769 203/23.12.23 ₹44527	145731	145731	പൂർത്തീകരിച്ചു	0
കേരള വാട്ടർ അതോറിറ്റി	ഗ്രാമ പഞ്ചായത്ത് പരിധിയിലെ പ്രവർത്തന രഹിതമായ 27 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനും 3 പൊതുടാപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും ചെലവഴിച്ച തുക	22300363/4.8.23	51,000	0	പൂർത്തീകരിച്ചിട്ടില്ല/ UC ലഭ്യമായിട്ടില്ല.	51,000

	തനത് ഫണ്ട്					

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹)	3,39,27,278
തൻവർഷം നിക്ഷേപിച്ച തുക (₹)	15,17,559 (പലിശ വരവ്)
ആകെ (₹)	3,54,44,837
തന്നാണ്ടിൽ പിൻവലിച്ച തുക (₹)	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹)	3,54,44,837

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

നിക്ഷേപത്തിന്റെ വിവരം	തുക (₹)	രശീതി നമ്പർ
വെളിമുക്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	4078658	FD No. 7624
-ടി-	2719106	FD No. 7625
-ടി-	12706100	FD No.7623
-ടി-	6480594	FD No. 7774
-ടി-	5601912	FD No. 8039
-ടി-	961457	R-4413- Dt 23-04-2024
തിരൂരങ്ങാടി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	1901922	FD No.13928
-ടി-	745192	FD No. 19677
-ടി-	249896	FD No. 4593
ആകെ	3,54,44,837	

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36587/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2022-23	1-32(1)	7722	അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി	1230304796/20.01.24
2022-23	1-32(2)	9626	അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി	1230304806/22.01.24
2022-23	1-32(3)	2858	അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി	1230304797/20.01.24
2022-23	1-32(4)	5975	അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി	1230304798/20.01.24
2022-23	1-32(5)	10406	അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി	1230304807/22.01.24

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ	വിഷയം	നിലവിലെ അവസ്ഥ
1999-2002 ഖണ്ഡിക 18	2004-05 ഖണ്ഡിക3.10.1.7	പദ്ധതിപ്പണം നിക്ഷേപമായി കുടിവെള്ളമെത്തിയില്ല	നിയമസഭാസമിതിയുടെ പരിഗണനയിൽ
2014-15 ഖണ്ഡിക 2-1,2-2	2016-17	പൊതു പരാമർശം	തുടരുന്നു.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് റിപ്പോർട്ട്	ഖണ്ഡിക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ	ചാർജ്ജ്/ സർചാർജ്ജ് വിവരം	തുക (₹)	ഈടാക്കിയത്	അവശേഷിക്കുന്ന തുക	റിമാർക്ക്
2007-08	3-1	പി.ചന്ദ്രശേഖരൻ സെക്രട്ടറി	LF8587/ Sp.Cell/ SC-D1/12/ 04.12.14	5320	5320	0	Rt. 11402500019/ 31.12.14
	3-8	എം.സി ജാഫർഷെരീഫ്, അസി.എഞ്ചീനീയർ	LF6083/ Spl.Cell/ C-D1/12/ 21.2.15	396748	0	396748	OP191/15 Allowed 14.12.17
2008-09	3-12	കെ.രാധാകൃഷ്ണൻ, എച്ച്.എം	LF6083/ Spl.Cell/ SC-D1/12/ 20.2.15	510058	0	510058	WP© 35821/15 Stay 26.11.15
2011-12 2012-13	3-7	മൈമൂന കെ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ	LF5819/ Spl.Cell/ CSC-D1/ 15/14.12.17	8637	8637	0	Rt. 11602100076/ 4.4.16

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	248374025
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	220140243
വരവിനങ്ങളിലുള്ള നഷ്ടം (₹)	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	18310/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	43,33,751

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1-1		14377/-	**6738.5/-** ശ്രീ. നന്ദകുമാർ പി, അസി. എഞ്ചിനിയർ **₹ 6738.5/-** ശ്രീ കൃഷ്ണൻ കുട്ടി .പി.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3-1-2		4833/-	**₹2416.5/-** 1) ശ്രീമതി. ശ്രീമതി.സജ്ന ഒ അസി.എഞ്ചിനീയർ **₹2416.5/-** മുജീബ് റഹ്മാൻ പി.എം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
	ആകെ	18310/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	35,51,000	ശ്രീ. ഉണ്ണി കെ, സെക്രട്ടറി
1-21	133327	ശ്രീ ഉണ്ണി കെ , സെക്രട്ടറി
1-22	147474	ശ്രീ. ഉണ്ണി കെ , സെക്രട്ടറി
1-24	2,97,050	ശ്രീ. അലി.പി, ഹെഡ്മാസ്റ്റർ
1-25	2,04,900	ശ്രീ. സന്തോഷ് പി കെ, അസി.സെക്രട്ടറി

ആകെ	43,33,751	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-13

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.സജ്ന ഒ അസി.എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. എൽ.എസ്.ജി.ഡി, മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്	രാരംമഠത്തിൽ വീട്, ആർ.എം ഹോസ്പിറ്റലിന് എതിർവശം, പൂഴിക്കടവ് റോഡ്, ബേപ്പൂർ. പി.ഒ
ശ്രീ. നന്ദകുമാർ പി, അസി. എഞ്ചിനിയർ	അസിസ്റ്റന്റ് എഞ്ചിനീയർ പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്	പൈക്കാട്ട് ഹൗസ്, അരിയല്ലൂർ പി.ഒ, മലപ്പുറം
ശ്രീ കൃഷ്ണൻ കുട്ടി. പി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	വിരമിച്ചു	പുത്തൂപറമ്പിൽ വീട്, മുതിരപ്പറമ്പ്, വള്ളുവമ്പ്രം. പി.ഒ, മലപ്പുറം പിൻ- 673642
മുജീബ് റഹ്മാൻ പി.എം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, വേങ്ങര ബ്ലോക്ക് പഞ്ചായത്ത്, വേങ്ങര പി.ഒ, മലപ്പുറം	പിച്ചൻ മഠത്തിൽ വെസ്റ്റ് കോഡൂർ, കോഡൂർ. പി.ഒ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	എൽ എഫ് എം 11/628/02 തിയ്യതി 26.10.10	2
1998-99	എൽ എഫ് എം 11/629/02 തിയ്യതി 26.10.10	0
1999-00 (വരവ്)	എൽ എഫ് എം 17/483/07 തിയ്യതി 26.10.10	1
1999-02 (പദ്ധതി ചെലവ്)	എൽ എഫ് എം 14/878/04 തിയ്യതി 26.10.10	25
2000-01	എൽ എഫ് എം 17/485/07 തിയ്യതി 26.10.10	1
2001-02	എൽ എഫ് എം 17/486/07 തിയ്യതി 26.10.10	4
2002-03	കെ.എസ്.എ.എം.പി.എം 15/1540/19 തിയ്യതി 09.08.21	2
2003-04	കെ.എസ്.എ.എം.പി.എം 15/1540/19(1) തിയ്യതി 09.08.21	1
2005-06	കെ.എസ്.എ.എം.പി.എം 15/1540/19(3) തിയ്യതി 09.08.21	10
2006-07	കെ.എസ്.എ.എം.പി.എം 15/1540/19(4) തിയ്യതി 09.08.21	10
2007-08	കെ.എസ്.എ.എം.പി.എം 15/1540/19(5) തിയ്യതി 09.08.21	8
2008-09	കെ.എസ്.എ.എം.പി.എം 15/1540/19(6) തിയ്യതി 09.08.21	15
2009-10,10-11	കെ.എസ്.എ.എം.പി.എം 15/2787/19(7) തിയ്യതി 09.08.21	9
2011-12,12-13	കെ.എസ്.എ.എം.പി.എം 15/2145/22 തിയ്യതി 30.09.2022	2
2013-14,14-15	കെ.എസ്.എ.എം.പി.എം.15/777/16 തിയ്യതി 19.05.16	20
2015-16	കെ എസ് എ.എംപിഎം.15/166/20 തിയ്യതി: 09.06.20	12
2016-17	കെ.എസ്.എ എം.പി.എം 15/88/2020 20.06.2020	23
2017-18	കെ.എസ്.എ എം.പി.എം 15/2084/2018 24.01.2019	13
2018-19	കെ.എസ്.എ എം.പി.എം.15/20/2020 09.12.2020	10
2019-20	കെ.എസ്.എ എം.പി.എം.15/1996/2021 22.09.2022	23
2020-21	കെ.എസ്.എ എം.പി.എം.15/1997/2021 22.09.2022	21
2021-22	കെ.എസ്.എ.എം.പി.എം.15/588/2023/03.04.23	22
2022-23	കെ.എസ്.എ.എം.പി.എം.15/2803/2023/28.02.24	33

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5 dated 5 dated 22-05-2024 and submitted on 18-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Moonniyur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Moonniyur Grama Panchayat as on 31-03-2024

Date: 17/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Moonniyur Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1)Asset Register is not uptodated

2)The following mandatory financial statements prescribed in

accounting rules of Kerala Panchayath Raj (Accounts), 2011 are not submitted for audit.

a)Ratios

b)notes on accounts

c)Comparative Statements

3)The details of calculation of Depreciation of Fixed Asset as per Schedule B 11 of Balance Sheet

was not made available for verification (Kerala Panchayath Raj(Accounts)Rules 58-4(g)

4)Net increase/decrease in cash flow does not match with the net cash generated by operating, investing and financial

activities and closing balance of cash and cash equivalents .

5)Deposit Register is not uptodate and lapsed deposits are not accounted to own fund.

6)ACR of specific purpose grants included in B-4 schedule is not maintained

7)Demand entries are not recorded in time.

8) Closing balance of bank pass book is different from the closing balance as per reconciliation statement.

9)Deposited amounts of Service Co-operative bank ,Velimukku ,are not credited to the acco

Sir,

Please see the attached file

Regards,

Senior Deputy Director

Kerala State Audit Department

District Audit Office, Malappuram

unt as per bank

reconciliation statement.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്